പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1160** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ ദേശീയപാത നിർമ്മാണം ത്വരിത ഗതിയിലാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ദേശീയപാത പുനരുദ്ധാരണം മന്ദഗതിയിലായതുമൂലം യാത്രക്കാരും പ്രദേശവാസികളും കച്ചവടക്കാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയ പാത നിർമ്മാണ പ്രവൃത്തി ദേശീയ പാത അതോറിറ്റി നേരിട്ടാണ് നിർവഹിക്കുന്നത്. നിർവഹണ ഘട്ടത്തിൽ ഉയർന്നുവന്ന അധിക ആവശ്യങ്ങൾ, നിർമാണ സാമഗ്രികളുടെ ക്ഷാമം, കരാറുകാർ/കൺസഷനെയർമാർ നേരിടുന്ന സാമ്പത്തിക പരിമിതികൾ, തുടർച്ചയായ മഴ എന്നിവ ചില റോഡ് ഭാഗങ്ങളിലെ നിർമാണ പ്രവൃത്തികൾ വൈകുന്നതിന് കാരണമായിട്ടുള്ളതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഈ പ്രശ്നങ്ങൾ പതിവായ നിരീക്ഷണത്തിലൂടെയും ദേശീയപാത അതോറിറ്റി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കക്ഷികളുമായി ഏകോപനം നടത്തിയും പരിഹരിച്ചുവരികയാണ്. ആവശ്യമായ തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും സജ്ജമാക്കി നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ കരാറുകാർക്കും കൺസഷനെയർമാർക്കും ദേശീയപാത അതോറിറ്റി മുഖേന നിർദേശം നൽകിവരുന്നു.

കൂടാതെ, പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി നിർമാണ മേഖലകളിൽ ഗതാഗത നിയന്ത്രണം, ബാരിക്കേഡുകൾ, മുന്നറിയിപ്പ് ബോർഡുകൾ, മറ്റ് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയും ഉറപ്പാക്കിവരുന്നു.

**(ബി)** ദേശീയപാത നിർമ്മാണത്തിലെ ഇതുവരെ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ദേശീയപാതാ നിർമാണ പ്രവൃത്തികൾ നിർവഹിക്കുന്നതിനിടെ കണ്ടെത്തുന്ന അപാകതകളും സാങ്കേതിക പ്രശ്നങ്ങളും ദേശീയപാത അതോറിറ്റിയുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ (PIUs), ഇൻഡിപെൻഡന്റ് എൻജിനീയർമാർ, മറ്റ് സാങ്കേതിക വിദഗ്ധർ എന്നിവർ മുഖേന പരിശോധിച്ചുവരികയാണ്. സാങ്കേതിക വിലയിരുത്തലിന്റെയും കരാർ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കൽ, നിർമാണ സാമഗ്രികളുടെ ലഭ്യത തുടങ്ങിയ വിഷയങ്ങൾ ദേശീയപാത അതോറിറ്റി ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് സർക്കാർ അടിയന്തര തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** ദേശീയപാത നിർമ്മാണം ഏറ്റവും വേഗം പൂർത്തിയാക്കാൻ ഇനിയെന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; മനഃപൂർവ്വം വീഴ്ച വരുത്തുന്നവർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ദേശീയപാതാ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അവലോകന യോഗങ്ങളിലൂടെ സംസ്ഥാന സർക്കാർ നിരന്തരം നിരീക്ഷിച്ചുവരുന്നു. ഇതു കൂടാതെ കരാറുകാർ/കൺസഷനെയർമാർ, ഇൻഡിപെൻഡന്റ് എൻജിനീയർമാർ, മറ്റ് ബന്ധപ്പെട്ട കക്ഷികൾ എന്നിവരുമായി ഏകോപനം ദേശീയപാത അതോറിറ്റി നടത്തിവരുന്നു.

ആവശ്യമായ വിഭവങ്ങൾ സജ്ജമാക്കുന്നതിനും പുതുക്കിയ പ്രവൃത്തി സമർപ്പിച്ച് അവ പാലിക്കുന്നതിനും ശേഷിക്കുന്ന നിർമാണ പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും കരാറുകാർക്കും കൺസഷനെയർമാർക്കും ദേശീയപാത അതോറിറ്റി നിർദേശം നൽകിവരുന്നു. നിർമാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, അധിക ആവശ്യങ്ങൾ, യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കൽ, മറ്റ് നിർവഹണ പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിവരികയാണ്.

കരാർ വ്യവസ്ഥകളുടെ ലംഘനമോ ഉത്തരവാദിത്തത്തിലെ വീഴ്ചയോ സ്ഥിരീകരിക്കപ്പെടുന്ന സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട കരാറുകളിലെയും ബാധകമായ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഉചിതമായ നടപടികൾ ദേശീയപാത അതോറിറ്റി സ്വീകരിക്കുന്നതാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റോഡ് ഉപയോക്താക്കളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന കാര്യം സർക്കാർ നിരീക്ഷിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**